"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - Industry Academia Government Conclave ഉദ്യമ 1.0 യുടെ നടത്തിപ്പിനായി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളുടെയും പോളിടെക്നിക്കുകളുടെയും തനത് ഫണ്ടുകളിൽ നിന്ന് സംഭാവന ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1519/2024/HEDN തീയതി,തിരുവനന്തപുരം, 05-12-2024

---

പരാമർശം:- 1. 23/11/2024 തീയതിയിലെ G.O.(Rt)No.1458/2024/HEDN.

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 04.12.2024 തീയതിയിലെ DTETVM/4620/2024-ACB2 നമ്പർ കത്ത്.

**ഉത്തരവ്**

ഉന്നത വിദ്യാഭ്യാസ വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും ചേർന്ന് 2024 ഡിസംബർ 7 മുതൽ 10 വരെ തിരുവനന്തപുരത്ത് വച്ച് നടത്തുന്ന **Industry Academia Government Conclave** ഉദ്യമ 1.0 യുടെ നടത്തിപ്പിനായി **14.8 ലക്ഷം രൂപ** (പതിനാല് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) വിനിയോഗിക്കാൻ അനുമതി നൽകികൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2.പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി ഏകദേശം ഒരു കോടി രൂപയാണ് ചിലവിനത്തിൽ പ്രതീക്ഷിക്കുന്നതെന്നും ഈ സാഹചര്യത്തിൽ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പിടിഎ / സിഇ സെല് / ഐസിറ്റി & എസ്ആർ / ആലുംനി ഫണ്ട് etc. എന്നീ ഫണ്ടുകളിൽ നിന്നുമായി എഞ്ചിനീയറിങ് കോളേജുകളിൽ നിന്നും 2,00,000/- രൂപ വീതവും പോളിടെക്നിക് കോളേജുകളിൽ നിന്നും 50,000/-രൂപ വീതവും ഉദ്യമ 1.0 യുടെ സുഗമമായ നടത്തിപ്പിനായി സംഭാവന ചെയ്യുന്നതിന് അനുമതി നൽകണം എന്ന് പരാമർശം 2 പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **Industry Academia Government Conclave** ഉദ്യമ 1.0- യുടെ സുഗമമായ നടത്തിപ്പിനായി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും 2,00,000/- രൂപ വീതവും പോളിടെക്നിക്കുകളിൽ നിന്നും 50,000/-രൂപ വീതവും അവയുടെ തനത് ഫണ്ടുകളിൽ നിന്ന് (പിടിഎ/സിഇ സെല്/ഐസിറ്റി&എസ്ആർ/ ആലുംനി ഫണ്ട് etc.) സംഭാവന ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ASHA A K**

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ് :

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

**www.highereducation.kerala.gov.in.**

കരുതൽ ഫയൽ/ഓഫീസ് കോപ്പി. **(G2/297/2024-HEDN)**

ഉത്തരവിൻ പ്രകാരം

Signed by
Gopakumar C R
സെക്ഷൻ ഓഫീസർ
Date: 05-12-2024 15:46:31

കീഴെഴുത്ത് നമ്പർ. DTETVM/4620/2024-AC32 തീയതി, 05.12.2024

എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്/ പോളിടെക്നിക് കോളേജ് സ്ഥാപനമേധാവികളുടെ അറിവിലേക്കും തുടർ നടപടികൾക്കുമായി വിതരണം ചെയ്യുന്നു.

ഡയറക്ടർ